RKI-3/5/2021 PLGA

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 70 | 12.01.2021- ൽ മറുപടിക്ക് |

## റീബിൽഡ് കേരള

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് 2018 ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് തകർന്ന മേഖലകൾ പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് രൂപം നൽകി 2 വർഷം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ:എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ആക്ഷേപം അടിസ്ഥാനരഹിതമാണ്.<br>വിവിധ വകുപ്പുകൾ സമർപ്പിച്ച 7192.78 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | പുനർനിർമ്മാണത്തിനായി എത്ര തുക ആവശ്യമായി വരുമെന്നും, ഇതിനകം എത്ര തുക സമാഹരിച്ചുവെന്നും, ഏതൊക്കെ ഏജൻസികളിൽ നിന്നാണ് അതിനായുള്ള ധനസമാഹരണം നടത്തിയത് എന്നുമുളളതിന്റെ വിശദാംശം നൽകുമോ; | (ബി) | 2019-2027 കാലയളവിൽ RKDP വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏകദേശം 36,500/- കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കുന്നു.<br>ലോകബാങ്കിന്റെ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 ദശലക്ഷം ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭിക്കുന്നതിന് ജർമൻ ബാങ്കായ KfW യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ലോകബാങ്ക് വികസന നയവായ്പയുടെ തുടർച്ചയായി, സംസ്ഥാന വികസന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗമായി Program for Result (PfR) രീതിയിൽ തവണകളായി 350 ദശലക്ഷം ഡോളർ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ലോകബാങ്ക്, AIIB എന്നിവയുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |
| (സി) | ഏതൊക്കെ മേഖലയിലാണ് ഇതിനകം പുനർനിർമ്മാണം പൂർത്തീകരിച്ചത്. അതിനായി എത്ര തുക ചെലവഴിച്ചു | (സി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) നടപ്പിലാക്കുന്ന പദ്ധതികളിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. ആർ.കെ.ഐ ഇതിനകം ഭരണാനുമതി നൽകിയ 7192.78 കോടി രൂപയുടെ പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ഡി) | വിവിധ മേഖലകളിലെ പുനർനിർമ്മാണ പ്രക്രിയ ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പദ്ധതി അംഗീകാരം, നിർവഹണം, ഫണ്ട് ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശുപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശുപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാ മാസവും ഉന്നതാധികാര സമിതി ചേരുന്നതിനാൽ കാലവിളംബം കൂടാതെ |

| | | |
|---|---|---|
| | | പദ്ധതികൾ അംഗീകരിക്കുന്നതിനു സാധിക്കുന്നു. ആർ.കെ.ഐ. നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് സി.ഇ.ഒയുടെ നേതൃത്വത്തിൽ പതിവായി സെക്രട്ടറിതല യോഗം ചേർന്ന്, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് നിർവഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകിവരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉപദേശകസമിതിയുടെ യോഗങ്ങളും പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്.<br>ആർ.കെ.ഐയുടെ പദ്ധതി നിർവഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ് വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുകയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ